# സർഗാത്മക വിദ്യാർഥി മുന്നേറ്റത്തിന്റെ കാൽനൂറ്റാണ്ട്

● കവർസ്റ്റോറി

സി. ദാവൂദ്

**സ്റ്റുഡന്റ്സ്** ഇസ്‌ലാമിക് ഓർഗനൈസേഷൻ ഓഫ് ഇന്ത്യക്ക് (എസ്.ഐ.ഒ) ഇരുപത്തി അഞ്ച് വർഷം പൂർത്തിയാവുന്നു. 1982 ഒക്ടോബർ 19-നാണ് എസ്.ഐ.ഒ ഔപചാരികമായി രൂപീകരിക്കപ്പെടുന്നത്. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഔദ്യോഗിക വിദ്യാർഥി പ്രസ്ഥാനമായാണ് എസ്.ഐ.ഒ അന്നുമുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വേരുകളുള്ള ഏറ്റവും വലിയ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനമായി മാറാൻ എസ്.ഐ.ഒവിന് സാധിച്ചിരിക്കുന്നു.

ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അതിന്റെ തുടക്കകാലങ്ങളിൽ തന്നെ വിദ്യാർഥി സംഘാടനത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നായകനായ സയ്യിദ് മൗദൂദി 1946-ൽ തന്നെ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം രൂപീകരിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു. 1946-ൽ പഞ്ചാബിലെ പഠാൻകോട്ട്, ദാറുൽ ഇസ്‌ലാമിൽ ഈ ആവശ്യാർഥം അദ്ദേഹം പ്രത്യേകം യോഗം വിളിച്ചു ചേർക്കുകയുണ്ടായി. എന്നാൽ ഇന്ത്യാ വിഭജനവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട കലുഷിതമായ അന്തരീക്ഷം കാരണം പ്രസ്തുത നീക്കം വേണ്ടത്ര മുന്നോട്ടുകൊണ്ടു പോവാൻ സാധിച്ചില്ല. വിഭജനാനന്തരം പാകിസ്താനിൽ വളരെ പെട്ടെന്നു തന്നെ വിദ്യാർഥി പ്രസ്ഥാനമായ ഇസ്‌ലാമീ ജംഇയ്യത്തു ത്വലബ രൂപീകരിക്കപ്പെട്ടെങ്കിലും ഇന്ത്യയിൽ അതിന് പറ്റിയ സാമൂഹിക അവസ്ഥയായിരുന്നില്ല. വേറിട്ട വിദ്യാർഥി സംഘടന രൂപീകരിച്ചില്ലെങ്കിലും വിദ്യാർഥികളെ സംഘടിപ്പിക്കുന്നതിൽ പ്രസ്ഥാനം തുടക്കത്തിൽതന്നെ ശ്രദ്ധിച്ചിരുന്നു. പിന്നീട് വിദ്യാർഥി ഹൽഖകൾ രൂപീകരിക്കാനുള്ള തീരുമാനമുണ്ടായി. തുടർന്ന് പല സംസ്ഥാനങ്ങളിലും പല പേരുകളിൽ വിദ്യാർഥി പ്രസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടു. സ്റ്റുഡന്റ്സ് ഇസ്‌ലാമിക് യൂനിയൻ (ആന്ധ്ര പ്രദേശ്), സ്റ്റുഡന്റ്സ് ഇസ്‌ലാമിക് സർക്കിൾ

(തമിഴ്നാട്), മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷൻ (ബംഗാൾ), ഐഡിയൽ സ്റ്റുഡന്റ്സ് ലീഗ് (കേരളം), ഹൽഖയെ ത്വലബയെ ഇസ്‌ലാമി (ബിഹാർ, മഹാരാഷ്ട്ര, കർണാടക), മുസ്‌ലിം സ്റ്റുഡന്റ്സ് ആന്റ് യൂത്ത് ഓർഗനൈസേഷൻ (ഉത്തർ പ്രദേശ്) എന്നിവ അപ്രകാരം രൂപീകരിക്കപ്പെട്ട വിദ്യാർഥി സംഘടനകളാണ്. പിന്നീട് ദേശീയാടിസ്ഥാനത്തിൽ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി) രൂപീകരിക്കപ്പെട്ടെങ്കിലും നയപരമായ കാരണങ്ങളാൽ സിമിയും ജമാഅത്തെ ഇസ്‌ലാമിയും തമ്മിൽ അകലുകയായിരുന്നു. തുടർന്നാണ് വർഷങ്ങൾ നീണ്ടുനിന്ന ചർച്ചകൾക്കൊടുവിൽ എസ്.ഐ.ഒ രൂപീകരിക്കപ്പെടുന്നത്.

ഇസ്‌ലാമിക പ്രസ്ഥാനത്തെയും ഇസ്‌ലാമിക സമൂഹത്തെയും കൂടുതൽ ശക്തമായും സർഗാത്മകമായും മുന്നോട്ടു നയിക്കാൻ പറ്റുന്ന പുതിയ തലമുറയെ വാർത്തെടുക്കുക എന്നതാണ് ലോകത്തെല്ലായിടത്തും ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനങ്ങൾ നിർവഹിച്ച/നിർവഹിക്കുന്ന ഏറ്റവും വലിയ ധർമം. ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനങ്ങളുടെ ഇതഃപര്യന്തമുള്ള പ്രവർത്തനവും അവയുടെ പ്രകടനവും ഈ ലക്ഷ്യത്തെ തീർത്തും സാധൂകരിക്കുന്നതാണെന്നു കാണാം. ഇന്ന് ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെയും ഇസ്‌ലാമിക സംരംഭങ്ങളുടെയും നേതൃസ്ഥാനത്തിരിക്കുന്നവരിൽ നല്ലൊരു ശതമാനം വിദ്യാർഥി പ്രസ്ഥാനങ്ങളിലൂടെ കടന്നുവന്നവരാണ്. പ്രസ്ഥാന നേതാക്കൾ, പ്രഭാഷകർ, പത്രപ്രവർത്തകർ, സമരനായകർ, പാർലമെന്റേറിയന്മാർ, മുജാഹിദുകൾ, രാഷ്ട്രീയ പ്രവർത്തകർ എന്നിങ്ങനെ പല രീതിയിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സേവനം അർപ്പിക്കുന്നവരിൽ വിദ്യാർഥി പ്രസ്ഥാനങ്ങളുടെ സംഭാവന ഏറെ വലുതാണ്. ഇന്ത്യയിലെയും കേരളത്തിലെയും അനുഭവവും ഏറെ ഭിന്നമല്ല. പുതുതലമുറയെ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി വളർത്തിയെടുക്കാനുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പരിശ്രമങ്ങൾ ഏറക്കുറെ വിജയപ്രദമായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്.

പല രംഗങ്ങളിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മുമ്പേ നടക്കാനും വിദ്യാർഥി പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ജനകീയവൽക്കരണത്തിൽ വിദ്യാർഥികൾ വഹിച്ച പങ്കും നിസ്തുലമാണ്. പാകിസ്താനിലും ബംഗ്ലാദേശിലും ജനകീയ വൽക്കരണ ശ്രമങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് മുമ്പേ നടക്കാൻ വിദ്യാർഥി പ്രസ്ഥാനത്തിന് കഴിഞ്ഞു. രണ്ടു രാജ്യങ്ങളിലും മാതൃ സംഘടന പാർലമെന്റിൽ ശ്രദ്ധേയമായ സാന്നിധ്യമാകുന്നതിനു മുമ്പ് തന്നെ വിദ്യാർഥി സംഘടന യൂനിവേഴ്സിറ്റി, കോളേജ് യൂനിയനുകളിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ വ്യാപകമായിരുന്നു. ഗസ്സ, ബേർസൈത്ത്, നബ്‌ലുസ് തുടങ്ങിയ ഫലസ്ത്വീനിലെ ഏതാണ്ടെല്ലാ യൂനിവേഴ്സിറ്റികളും വളരെ നേരത്തേ തന്നെ ഹമാസിന്റെ വിദ്യാർഥി വിഭാഗത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഇതേ അവസ്ഥ തന്നെയാണ് കയ്റോ, ഐനുശ്ശംസ്, അലക്സാണ്ട്രിയ തുടങ്ങിയ ഈജിപ്ഷ്യൻ യൂനിവേഴ്സിറ്റികളിലുമുണ്ടായിരുന്നത്. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് പ്രതിസന്ധികളിലും ഭരണകൂടത്തിന്റെ മർദന സന്ദർഭങ്ങളിലും വലിയ ആശ്വാസവും പിന്തുണയുമാകാൻ ഈ വിദ്യാർഥി പ്രസ്ഥാനങ്ങൾക്കും വിദ്യാർഥി യൂനിയനുകൾക്കും സാധിക്കുകയുണ്ടായി. അമേരിക്ക, ബ്രിട്ടൻ, മറ്റു യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർഥി പ്രസ്ഥാനങ്ങളാണ് മാതൃപ്രസ്ഥാനങ്ങളേക്കാൾ മുമ്പേ രൂപീകരിക്കപ്പെട്ടതെന്നത് വലിയൊരു കൗതുകമാണ്. അമേരിക്കയിലെ എം.എസ്.എ (മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷൻ) ആണ് പിന്നീട് ഇസ്നയുടെ (ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക) രൂപീകരണത്തിന് നേതൃത്വം വഹിച്ചത്. ബ്രിട്ടനിൽ ഇസ്‌ലാമിക തൽപരരായ വിവിധ യൂനിവേഴ്സിറ്റി വിദ്യാർഥികൾ ചേർന്ന് രൂപീകരിച്ച ഫോസിസ് (ഫെഡറേഷൻ ഓഫ് സ്റ്റുഡന്റ്സ് ഇസ്‌ലാമിക് സൊസൈറ്റീസ്) പിന്നീട് വിപുലമായ ഇസ്‌ലാമിക പ്രാസ്ഥാനിക കൂട്ടായ്മകൾക്ക് വഴിയൊരുക്കി. പശ്ചിമേഷ്യയിൽനിന്നും വിവിധ മുസ്‌ലിം നാടുകളിൽനിന്നും ഉപരിപഠനത്തിനായി യൂറോപ്യൻ സർവകലാശാലകളിൽ എത്തിയ വിദ്യാർഥികളാണ് ഇത്തരം സംരംഭങ്ങൾക്ക് നേതൃത്വം നൽകിയത്. ചുരുക്കത്തിൽ, കഴിഞ്ഞ നൂറ്റാണ്ട് ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനങ്ങളുടെ വസന്തകാലമായിരുന്നുവെന്ന് കാണാം.

ഇങ്ങനെയുള്ളൊരു അന്തർദേശീയ സാഹചര്യത്തിലാണ് ഇന്ത്യയിലും ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം എന്ന പരീക്ഷണം ആരംഭം കുറിക്കുന്നത്. ലോകമാസകലം വിദ്യാർഥി പ്രസ്ഥാനങ്ങളും പ്രക്ഷോഭങ്ങളും അരങ്ങു തകർക്കുന്ന 1960-ന്റെ അവസാനത്തിലും എഴുപതുകളിലുമായാണ് ഇന്ത്യയിലും അവയുടെ നാന്ദി കുറിക്കപ്പെടുന്നത്. വിയറ്റ്നാം യുദ്ധത്തെത്തുടർന്നുണ്ടായ വ്യാപകമായ വിദ്യാർഥി പ്രക്ഷോഭങ്ങൾ തീർച്ചയായും ഇത്തരം ചുവടുകളെ സ്വാധീനിച്ചിട്ടുണ്ടാവാം. ഇത്തരം വിദ്യാർഥി പ്രക്ഷോഭങ്ങൾ വിദ്യാസമ്പന്നരായ തലമുറയെ വ്യാപകമായി ഇടതുപക്ഷ ആശയങ്ങളിലേക്ക് ആകർഷിച്ചു കൊണ്ടിരിക്കുന്ന കാലവുമായിരുന്നു അത്. ഫലസ്ത്വീനിലെ സർവകലാശാലാ യൂനിയനുകൾ വരെ അക്കാലത്ത് ഇടതു വിദ്യാർഥി പ്രസ്ഥാനങ്ങളുടെ സമ്പൂർണ നിയന്ത്രണത്തിലായിരുന്നുവെന്നത് ഇന്ന് നമുക്ക് ഒരു അത്ഭുത വാർത്തയായി തോന്നിയേക്കാം. ഇടതു, മതേതര, ഭൗതിക കാഴ്ചപ്പാടുകളിൽനിന്ന് വിദ്യാർഥി തലമുറയെ ഇസ്‌ലാമിന്റെ തനത് തെളിമയിലേക്ക് നയിക്കുക എന്ന ഭാരിച്ച ദൗത്യമാണ് അന്ന് ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനങ്ങൾക്ക് പ്രധാനമായും നിർവഹിക്കാനുണ്ടായിരുന്നത്. ഇസ്‌ലാമിനെ കാമ്പസുകളുടെ നടുമുറ്റത്ത് അഭിമാനപൂർവം ഉയർത്തിപ്പിടിക്കുന്ന ഒരു തലമുറയെയാണ് അവ പ്രതിനിധീകരിച്ചത്. ഇസ്‌ലാമിനെ ശക്തമായ ഒരു വിമോചന ബദലായി സമർപ്പിക്കുന്ന സ്വഭാവത്തിലുള്ള പ്രചാരണപരമായ വ്യവഹാരങ്ങളിലാണ് അക്കാലങ്ങളിൽ വിദ്യാർഥി പ്രസ്ഥാനങ്ങൾ പ്രധാനമായും ഊന്നിയത്. ഇടതുപക്ഷ മിഥ്യകളിലേക്ക് വഴുതിപ്പോകാനിടയുണ്ടായിരുന്ന ധാരാളം ചെറുപ്പക്കാരെ ഇസ്‌ലാമിന്റെ വിമോചനധാരയിൽ പിടിച്ചുനിർത്താൻ ഈ പ്രവർത്തനങ്ങൾ സഹായകമായി.

എഴുപതുകൾ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനങ്ങളെ സംബന്ധിച്ചും വസന്തകാലമായിരുന്നു. ആഗോളതലത്തിൽ തന്നെ ഇസ്‌ലാമിക വിദ്യാർഥി കൂട്ടായ്മകൾ സജീവമായ കാലം. ഇന്റർനാഷ്നൽ ഫെഡറേഷൻ ഓഫ് ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻസ് (ഇഫ്സോ) പോലുള്ള അന്തർദേശീയ കൂട്ടായ്മകൾ വലിയ ചലനങ്ങളാണുണ്ടാക്കിയത്. അഹ്മദ് തൂതൻജി, ഹിശാമുത്ത്വാലിബ്, അഹ്മദ് ത്വഹാൻ തുടങ്ങിയ അന്തർദേശീയ നേതാക്കൾ ഈ ആവേശത്തിന് ഇന്ധനമായി. അഫ്ഗാനിൽ സോവിയറ്റ് കമ്യൂണിസ്റ്റ് അധിനിവേശത്തിനെതിരെ നടന്നു കൊണ്ടിരുന്ന ഐതിഹാസികമായ ജനകീയ സായുധ ചെറുത്തുനിൽപ്, ഇറാനിലെ ജനകീയ ഇസ്‌ലാമിക വിപ്ലവം, ഫലസ്ത്വീനിൽ ഉയർന്നുപൊങ്ങിക്കൊണ്ടിരുന്ന അധിനിവേശവിരുദ്ധ പോരാട്ടങ്ങൾ എന്നിവയെല്ലാം ലോകമാസകലം ഇസ്‌ലാമിക വിദ്യാർഥി സംഘങ്ങളെ ആവേശം കൊള്ളിച്ച ഘടകങ്ങളായിരുന്നു. ഐ.എസ്.എൽ, സിമി എന്നീ സംഘടനകൾ കടന്നുവന്നതും പിന്നീട് എസ്.ഐ.ഒ രൂപീ

കരിക്കപ്പെടുന്നതും ഈ പശ്ചാത്തലത്തിലായിരുന്നു.

കർമപരമായ ഈ ആവേശത്തിന്റെയും ആശയപരമായ മേൽക്കൈയുടെയും ചടുലകാലത്താണ് എസ്.ഐ.ഒ അതിന്റെ കാലുകൾ ഉറപ്പിച്ചു തുടങ്ങുന്നത്. കാമ്പയിനുകൾ, ജനകീയ ബോധവൽക്കരണ പരിപാടികൾ, പ്രക്ഷോഭങ്ങൾ, പഠന ശിബിരങ്ങൾ, കോളേജ്-സ്കൂൾ യൂനിയൻ തെരഞ്ഞെടുപ്പുകൾ.... അങ്ങനെ വൈവിധ്യമാർന്ന പ്രവർത്തന രീതികളിലൂടെ ചെറുപ്പക്കാർക്കിടയിൽ ഇസ്‌ലാമിനെ സജീവമായി നിർത്തുകയായിരുന്നു അത്. അന്തർദേശീയതലത്തിൽ കമ്യൂണിസവും ആധുനിക ശാസ്ത്രവും ആശയപരമായ മേൽക്കൈ നിലനിർത്തുന്ന സന്ദർഭത്തിലാണ് അത് പ്രവർത്തനം തുടങ്ങുന്നത്. അതുകൊണ്ടു തന്നെ അവക്കെതിരായുള്ള സൈദ്ധാന്തികമായ കോപ്പുകൂട്ടലുകൾ അക്കാലത്തെ പ്രവർത്തന പരിപാടികളിൽ ധാരാളമായി കാണാൻ കഴിയും. ശാസ്ത്രത്തിന്റെയും പുതിയ കണ്ടുപിടിത്തങ്ങളുടെയും വെളിച്ചത്തിൽ ഇസ്‌ലാമിനെ സമർഥിക്കുകയും സമർപ്പിക്കുകയും ചെയ്യുന്ന പരിപാടികൾ, അതേസമയം തന്നെ ശാസ്ത്രത്തിന്റെ അപ്രമാദിത്വത്തെ ചോദ്യം ചെയ്യാനുള്ള വെമ്പലുകൾ, കമ്യൂണിസത്തിനും കമ്യൂണിസ്റ്റ് സ്വേഛാധിപത്യ ഭരണകൂടങ്ങളുടെ ക്രൂരതകൾക്കുമെതിരായ പ്രചാരണങ്ങൾ, മുതലാളിത്തത്തിനെതിരായ ഇസ്‌ലാമിക പ്രതിരോധത്തിന്റെ പാഠങ്ങൾ എന്നിവ കൊണ്ടെല്ലാം മുഖരിതമായിരുന്നു അന്നത്തെ വിദ്യാർഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ. അഫ്ഗാൻ പോരാട്ടത്തിലെ ഓരോ ചെറിയ ചെറിയ വിശദാംശങ്ങൾ പോലും ഇങ്ങ് ഫാറൂഖ് കോളേജിലും യൂനിവേഴ്സിറ്റി കോളേജിലും ചർച്ച ചെയ്യപ്പെടുന്ന അനുഭവമൊക്കെയുണ്ടാകുന്നത് അത്തരമൊരു പശ്ചാത്തലത്തിലാണ്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും മറ്റ് കമ്യൂണിസ്റ്റ് പ്രദേശങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളെ പിന്തുണച്ചു കൊണ്ടുള്ള പ്രകടനങ്ങൾ കേരളത്തിലെ കാമ്പസുകളിലും തെരുവുകളിലും വ്യാപകമായി സംഘടിപ്പിക്കപ്പെട്ടത് നാം കാണുന്നു. അക്കാലത്തെ എസ്.ഐ.ഒ മുഖപത്രമായ *യുവസരണി* എടുത്തു പരിശോധിച്ചാൽ കമ്യൂണിസവുമായി ബന്ധപ്പെട്ട ലേഖനങ്ങളുടെയും ചർച്ചകളുടെയും ധാരാളിത്തം തന്നെ കാണാൻ കഴിയും. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും ചൈനയിലെയും വിദ്യാർഥി പ്രക്ഷോഭങ്ങളെയും കേരളത്തിലെ ഡി.വൈ.എഫ്.ഐയുടെ മനുഷ്യക്കോട്ടയെയും ബന്ധപ്പെടുത്തി എസ്.ഐ.ഒ പുറത്തിറക്കിയ കാർട്ടൂൺ പോസ്റ്റർ അന്ന് വ്യാപകമായി ശ്രദ്ധിക്കപ്പെട്ടിരുന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടക്കുന്ന മാറ്റങ്ങളെ ജനങ്ങളിലേക്ക് എത്തിക്കുന്നതും മതത്തിന്റെയും വിശ്വാസത്തിന്റെയും അജയ്യതയും സാർവകാലികതയും ഊന്നിപ്പറയുകയും ചെയ്യുന്നതായിരുന്നു 1988 –'89-ൽ സംഘടിപ്പിച്ച *വിശ്വാസത്തിലേക്ക് വീണ്ടും* എന്ന പ്രമേയത്തിലുള്ള ജില്ലാ സമ്മേളനങ്ങൾ.

ആധുനിക, ശാസ്ത്രീയ, ഭൗതിക വാദങ്ങളുടെ പിൻബലത്തിൽ മതം, ആത്മീയത എന്നിവയെ പൊതുവെയും ഇസ്‌ലാമിനെ വിശേഷിച്ചും താറടിക്കാനും സൈദ്ധാന്തികമായി പാപ്പരാക്കാനുമുള്ള ശ്രമങ്ങൾക്കെതിരെ വിദ്യാർഥി യുവജനങ്ങൾക്ക് ആത്മവിശ്വാസത്തിന്റെ കരുത്തായി നിലകൊള്ളാൻ എസ്.ഐ.ഒവിന് സാധിക്കുകയുണ്ടായി. *സത്യം, സമരം, സമാധാനം* എന്നത് ഒന്നാം സംസ്ഥാന സമ്മേളനത്തിന്റെയും *ഇസ്‌ലാം പുരോഗതിക്ക്, മോക്ഷത്തിന്* എന്നത് ഒന്നാം അഖിലേന്ത്യാ സമ്മേളനത്തിന്റെയും പ്രമേയമാവുന്നതിന്റെ പശ്ചാത്തലമിതാണ്. വിദ്യാസമ്പന്നരും ആധുനികരുമായ തലമുറക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്താനുള്ള ജനകീയ പ്രബോധന ഭാഷ വികസിപ്പിക്കുകയായിരുന്നു ഇത്തരം ശ്രമങ്ങളിലൂടെ എസ്.ഐ.ഒ. ആധുനികവും മതേതരവുമായ പൊതുമനോഘടനയിൽനിന്നാണ് യഥാർഥത്തിൽ എൺപതുകളിലെ ശരീഅത്ത് വിവാദം നാട്ടിൽ കത്തിപ്പടരുന്നത്. ശരീഅത്തിനെയും ഇസ്‌ലാമിനെയും പ്രാകൃതവും പിന്തിരിപ്പനുമായി ചിത്രീകരിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് ദേശീയതലത്തിൽ തന്നെ ഇക്കാലയളവിൽ നടന്നത്. മുസ്‌ലിംകളുടെ ആത്മവിശ്വാസവും അന്തസ്സും കെടുത്തുന്ന രീതിയിലുള്ള പ്രചാരണ കോലാഹലങ്ങളെ യുക്തിഭദ്രമായും ശാസ്ത്രീയമായും ജനകീയമായും ചെറുത്തുതോൽപിക്കുന്നതിൽ എസ്.ഐ.ഒ ദേശീയ തലത്തിൽ തന്നെ നടത്തിയ ശരീഅത്ത് കാമ്പയിൻ വിജയിക്കുകയുണ്ടായി. ആധുനികതയുടെയും പുരോഗമനത്തിന്റെ മേലങ്കിയണിഞ്ഞ സവർണ വരേണ്യബോധത്തിന്റെയും മസ്തകത്തിൽ ഏൽപിച്ച പ്രഹരമായിരുന്നു യഥാർഥത്തിൽ ആ കാമ്പയിൻ.

ഇസ്‌ലാമിന്റെ തിളങ്ങുന്ന യൗവനമായി സ്വയം നിലനിൽക്കുമ്പോൾ തന്നെ മതത്തിനകത്തെ ജീർണതകൾക്കും ചൂഷണങ്ങൾക്കുമെതിരായ അടങ്ങാത്ത അമർഷം എസ്.ഐ.ഒ എന്നും കാത്തുപോന്നിട്ടുണ്ട്. മനുഷ്യ സമൂഹത്തെ കൂടുതൽ മെച്ചപ്പെട്ട ആത്മീയ-ഭൗതിക സാഹചര്യങ്ങളിലേക്ക് നയിക്കുന്ന ഇസ്‌ലാമിന്റെ സഹജമായ വിമോചനാംശത്തെ മറക്കു പിന്നിൽ പിടിച്ച് അതിനെ കച്ചവടത്തിന്റെയും ചൂഷണത്തിന്റെയും അന്ധവിശ്വാസങ്ങളുടെയും ചങ്ങലകളിൽ തളച്ചിടുന്ന പരമ്പരാഗത മത കാഴ്ചപ്പാടുകൾക്കെതിരെ എസ്.ഐ.ഒ കലാപം കൂട്ടി. മതത്തിനകത്തെ തിരയും തിരമാലയുമാകാൻ അതിന് കഴിഞ്ഞു. സ്ത്രീധനം, പൗരോഹിത്യം തുടങ്ങിയ മതത്തെ ചങ്ങലക്കിടുന്ന സകല ഏടാകൂടങ്ങൾക്കുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു. പ്രവർത്തകരെ സമ്പൂർണമായും സ്ത്രീധനത്തിന്റെ എല്ലാ അംശങ്ങളിൽനിന്നും മുക്തമാക്കി. ഇതു സംബന്ധമായ നേരിയ പിഴവുകളോട് പോലും ഒരു തരത്തിലുള്ള അനുരഞ്ജനത്തിനും എസ്.ഐ.ഒ സന്നദ്ധമല്ല. മതത്തിനകത്ത് നടക്കേണ്ട വിപ്ലവത്തെക്കുറിച്ച് മുസ്‌ലിംകളെ വിശേഷിച്ചും മതസമൂഹങ്ങളെ പൊതുവെയും ബോധ്യപ്പെടുത്തി. *മതം മതജീർണതക്കെതിരെ* എന്ന തലക്കെട്ടിൽ 1994 ഒടുവിലും 95 തുടക്കത്തിലുമായി നടന്ന ജില്ലാ സമ്മേളനങ്ങൾ ഈ സ്വഭാവത്തിലെ വമ്പിച്ച ജനകീയ മുന്നേറ്റമായിരുന്നു. മതജീർണതകളുടെ പൊന്നാപുരം കോട്ടകളിൽ വലിയൊരു അലോസരത്തിന്റെ പേരായിരുന്നു അന്ന് നടന്ന ജില്ലാ സമ്മേളനങ്ങൾ.

തൊണ്ണൂറുകൾക്കു ശേഷം ഭീതിദമാംവിധം ശക്തിപ്പെട്ട സംഘ്പരിവാർ ഫാഷിസത്തിനെതിരായ ജനകീയ ചെറുത്തുനിൽപിലും എസ്.ഐ.ഒവിന്റെ സംഭാവന വിലപ്പെട്ടതാണ്. ജനങ്ങൾക്കിടയിൽ വർഗീയതയുടെ വിപത്തുകൾക്കെതിരെ അത് വ്യാപകമായ ബോധവൽക്കരണം നടത്തി. ഫാഷിസത്തിനെതിരായ സമരം മുഴുവൻ മനുഷ്യരുടെയും ആരോഗ്യകരമായ നിലനിൽപിനു തന്നെ അടിയന്തര കടമയാണെന്ന സന്ദേശം അത് നൽകി. അതോടൊപ്പം പീഡിതരായ ജനസമൂഹങ്ങൾക്ക് ആത്മവിശ്വാസവും മനോധൈര്യവും പകർന്നു നൽകുന്ന വിവിധ പരിപാടികളും അത് ആസൂത്രണം ചെയ്ത് നടപ്പാക്കി. *പീഡനത്തിനെതിരെ യുവശക്തി* എന്ന പ്രമേയത്തിൽ 1990 ഡിസംബറിൽ എറണാകുളത്ത് നടന്ന രണ്ടാം സംസ്ഥാന സമ്മേളനം രാജ്യത്ത് രൂപപ്പെട്ടുവരുന്ന പുതിയ സാഹചര്യങ്ങളോടുള്ള ക്രിയാത്മകവും ധീരവുമായ പ്രതികരണമായിരുന്നു. *ഫാഷിസത്തെ ചെറുക്കുക, ഇന്ത്യയെ രക്ഷിക്കുക* എന്ന തലക്കെട്ടിൽ നടന്ന ദേശീയ കാമ്പയിൻ, ബാബരി മസ്ജിദ് വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പരിപാടികൾ തുടങ്ങിയവ മുസ്‌ലിം ജനവിഭാഗത്തിൽ ആത്മവിശ്വാസത്തിന്റെയും ക്രിയാത്മക സമരത്തിന്റെയും പാഠങ്ങൾ പകർന്നു നൽകി. 1992

ഡിസംബറിൽ ബാബരി മസ്ജിദ് തർക്കപ്പെടുകയും ഇസ്‌ലാമിക പ്രസ്ഥാനം നിരോധിക്കപ്പെടുകയും ചെയ്ത അനിശ്ചിതത്വങ്ങൾക്ക് മധ്യേ 1993 ജനുവരിയിൽ പതിനായിരങ്ങളെ പങ്കെടുപ്പിച്ച് എസ്.ഐ.ഒ കോഴിക്കോട്ട് സംഘടിപ്പിച്ച വിദ്യാർഥി യുവജന റാലി ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സംഭവമായിരുന്നു. ഫാഷിസത്തിനെതിരായ ജനകീയ ചെറുത്തുനിൽപുകൾ നടത്തിക്കൊണ്ടിരിക്കെത്തന്നെ മതസമൂഹങ്ങൾക്കിടയിൽ ശക്തമായ ഇഴയടുപ്പം വളർത്തിയെടുക്കാനുള്ള പദ്ധതികളും പരിപാടികളും എസ്.ഐ.ഒ ധാരാളമായി ആവിഷ്കരിച്ചു. ബാബരി മസ്ജിദ് തകർന്നതിനെത്തുടർന്നുണ്ടായ സവിശേഷ സാഹചര്യത്തിലാണ് കാമ്പസുകളിൽ മതമൈത്രി ടെസ്റ്റ് എന്ന പേരിൽ സംഘടന പ്രത്യേക മത്സര പരിപാടികൾ നടത്തിയത്. 1994 ഒക്ടോബറിൽ തൃശൂരിൽ നടന്ന ഹിന്ദു-മുസ്‌ലിം ഡയലോഗ് രാജ്യത്തിന്റെ തന്നെ അനുഭവത്തിൽ ആദ്യത്തേതായിരുന്നുവെന്ന് പറയാം.

കമ്യൂണിസത്തിന്റെ തകർച്ചക്കുശേഷം രൂപപ്പെട്ട മുതലാളിത്ത കേന്ദ്രീകൃതമായ പുതിയ ലോകസാഹചര്യത്തെ വിശകലനം ചെയ്യാനും ഇസ്‌ലാമിക അടിത്തറകളിൽനിന്ന് നിലപാടുകൾ സ്വീകരിക്കാനും എസ്.ഐ.ഒവിന് സാധിക്കുകയുണ്ടായി. പീരങ്കിയും വെടിക്കോപ്പുമായി വന്ന പഴയ അധിനിവേശം സോപ്പിന്റെയും ചീർപ്പിന്റെയും പുത്തൻ ഉപഭോഗവസ്തുക്കളുടെയും രൂപത്തിൽ വന്ന് നമ്മുടെ ജീവിതങ്ങളെ കീഴടക്കുന്നതിനെക്കുറിച്ച് അത് സമൂഹത്തിന് മുന്നറിയിപ്പ് നൽകി. ഉപഭോഗ സംസ്കാരത്തിനും മുതലാളിത്ത ദുഃസ്സംസ്കാരത്തിനും ആഗോളവൽക്കരണത്തിന്റെ കെടുതികൾക്കുമെതിരെ വ്യാപകമായ പ്രചാരണങ്ങൾ സംഘടിപ്പിക്കാനും അവക്കെതിരെ പ്രവർത്തകരെ സജ്ജമാക്കാനും എസ്.ഐ.ഒ തുടക്കം മുതൽ തന്നെ വലിയ ശ്രദ്ധ വെക്കുകയുണ്ടായി. ശിശു-ശ്വാന പ്രദർശനങ്ങൾ, സൗന്ദര്യ മത്സരങ്ങൾ, കാബറെ തുടങ്ങിയവക്കെതിരെ ശക്തമായ സമരപരിപാടികൾ ദേശീയതലത്തിൽ സംഘടന സംഘടിപ്പിക്കുകയുണ്ടായി. 1996-ൽ ബാംഗ്ലൂരിലെ അന്താരാഷ്ട്ര സൗന്ദര്യ മത്സരത്തിനെതിരെ രാജ്യത്തെമ്പാടും ഉയർന്നുവന്ന വമ്പിച്ച പ്രതിഷേധ സമരങ്ങളിൽ എസ്.ഐ.ഒ നേതൃപരമായ പങ്ക് വഹിച്ചു. കേരളത്തിലെ നഗരങ്ങളിൽനിന്ന് കാബറെ സംസ്കാരം തുടച്ചു നീക്കുന്നതിൽ സംഘടനയുടെ പങ്ക് നിർണായകമാണ്. അധിനിവേശത്തിന്റെ വ്യാകരണങ്ങൾ മാറിവരുന്നതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും സാംസ്കാരിക പ്രതിരോധത്തിന്റെ അനിവാര്യത ഊന്നിപ്പറയുകയും ചെയ്യുന്നതായിരുന്നു 1995-ൽ നടന്ന 'സംസ്കാരമോ സർവനാശമോ' എന്ന കാമ്പയിൻ. അധിനിവേശത്തെയും പ്രതിരോധത്തെയും കുറിച്ച പുതിയ വിശകലന മാതൃകകൾ കേരളത്തിനും ഇസ്‌ലാമിക സമൂഹത്തിനും സമർപ്പിക്കുന്നതിൽ ആ കാമ്പയിൻ വലിയ പങ്ക് വഹിക്കുകയുണ്ടായി. 2000 ഒക്ടോബറിൽ നടന്ന 'സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പിന്' എന്ന പേരിലുള്ള ആഗോളവൽക്കരണവിരുദ്ധ കാമ്പയിൻ ഇതിന്റെ തന്നെ ഒരു മുന്നോട്ടുപോക്കായിരുന്നു. ആഗോളവൽക്കരണത്തെയും അതിന്റെ ഇരട്ട സന്തതികളായ വർഗീയതയെയും അന്ധവിശ്വാസങ്ങളെയും ഇസ്‌ലാമിക ഭൂമികയിൽനിന്ന് വിശകലനം ചെയ്തുകൊണ്ട് ഒരു ഇസ്‌ലാമിക സംഘടന നടത്തിയ ആദ്യത്തെ ഇടപെടലായി അതിനെ കാണാവുന്നതാണ്. പിന്നീട് കേരളത്തിൽ രൂപം കൊണ്ട ശക്തമായ ഇസ്‌ലാമിക യുവജനപ്രസ്ഥാനത്തിന് ആശയപരവും കർമപരവുമായ ഭൂമിക ഒരുക്കുന്നതിലും ഈ കാമ്പയിൻ വലിയ പങ്കുവഹിക്കുകയുണ്ടായി.

വികസനവുമായി ബന്ധപ്പെട്ട ബദൽ കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നതിൽ എസ്.ഐ.ഒ വളരെ മുമ്പ് തന്നെ സവിശേഷമായ ശ്രദ്ധ വെച്ചുപോന്നു. സാമൂഹിക നീതിയും വികസനവും, പരിസ്ഥിതിയും വികസനവും തുടങ്ങിയ വൈരുധ്യങ്ങളെ തിരിച്ചറിയുകയും പൊതുജന ശ്രദ്ധയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിൽ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ പങ്ക് വളരെ വലുതാണ്. കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ആണവനിലയം സ്ഥാപിക്കുന്നതിനെതിരെ 1991-ൽ സംസ്ഥാനവ്യാപകമായി നടന്ന ആണവവിരുദ്ധ കാമ്പയിൻ ഈ ദിശയിലെ സവിശേഷമായ ഒരു ചുവടായിരുന്നു. വികസനം എന്നത് ഭരണപരമായ ഒരു ഒറ്റമൂലിയല്ലെന്നും സമൂഹം, സംസ്കാരം, നൈതികത എന്നിവയുമായൊക്കെ വലിയ ബന്ധങ്ങളുള്ള സങ്കീർണമായ പ്രക്രിയയാണ് അതെന്നുമുള്ള തിരിച്ചറിവ് പ്രദാനംചെയ്യുന്നതായിരുന്നു ഇത്തരം ശ്രമങ്ങൾ. കണ്ണൂരിൽ ഇരിണാവിലെ താപവൈദ്യുത നിലയം, മാവൂർ ഗ്രാസിം, ബേക്കൽ ടൂറിസം പ്രോജക്റ്റ് എന്നിവയുമായി ബന്ധപ്പെട്ട് വമ്പിച്ച ജനകീയ സമരങ്ങൾക്ക് എസ്.ഐ.ഒ നേതൃത്വം നൽകുകയുണ്ടായി.

രാജ്യത്തിനകത്തും പുറത്തും നിലനിൽക്കുന്ന അങ്ങേയറ്റം കലുഷവും പ്രതികൂലവുമായ സാഹചര്യങ്ങൾ രണ്ട് ആത്യന്തികതകളിലേക്കാണ് മുസ്‌ലിം ചെറുപ്പക്കാരെയും വിദ്യാർഥികളെയും നയിക്കുന്നത്. തീവ്രമായ പ്രതികരണത്തിന്റേതും പ്രതികാരത്തിന്റേതുമാണ് ഒരു വശം. മറ്റൊരു വിഭാഗമാവട്ടെ, നാട്ടിൽ നടക്കുന്ന ഇസ്‌ലാംവിരുദ്ധ കാമ്പിയിനിംഗിൽ- ശാരീരികവും ബുദ്ധിപരവും മാനസികവുമായ ഇസ്‌ലാംവിരുദ്ധ പ്രവർത്തനങ്ങളിൽ- മനം മടുത്ത് ഇസ്‌ലാമിൽ നിന്നു തന്നെ അകലുകയും മാപ്പുസാക്ഷിത്ത മനോഭാവം സ്വീകരിക്കുകയും ചെയ്യുന്ന മറ്റൊരു വശം. ഇത് രണ്ടിനുമിടയിൽ ക്രിയാത്മകമായി കാര്യങ്ങളെ സമീപിക്കുന്ന വിശകലന രീതി വികസിപ്പിച്ചുവെന്നതും അങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചെറുപ്പക്കാരുടെ സംഘത്തെ വളർത്തിയെടുത്തുവെന്നതുമായിരിക്കും ഇന്ത്യയിലെ വിദ്യാർഥി യുവജനങ്ങൾക്കിടയിൽ എസ്.ഐ.ഒ നിർവഹിച്ച ഏറ്റവും വലിയ ധർമം. അവർ ഇസ്‌ലാമിൽ വിശ്വസിക്കുന്നവരും അതിൽ അഭിമാനിക്കുന്നവരുമാണ്. അവർ ആത്മവിശ്വാസത്തോടെ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നു. പഠനം, കാമ്പസ്, വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ മുന്നേറാനും മുഖ്യധാരയിൽ ധീരതയോടെ നിലനിൽക്കാനും മത്സരിക്കാനും അവർക്കറിയാം. അപകർഷബോധമല്ല അവരെ നയിക്കുന്നത്. അവർ തീർത്തും അവർഗീയവാദികളും മതപരമായ ഇഴയടുപ്പത്തിൽ ആത്മാർഥമായി വിശ്വസിക്കുന്നവരുമാണ്. രാജ്യത്തിന്റെ മുഴുവൻ മുക്കുമൂലകളിലും സന്തുലിത സ്വഭാവത്തിലുള്ള വലിയൊരു വിദ്യാർഥി യുവജന സംഘത്തെ വളർത്തിയെടുക്കുകയും നിലനിർത്തുകയും ചെയ്യുന്നുവെന്നത് ചെറിയ കാര്യമല്ല.

ചെറുപ്പക്കാർക്കിടയിൽ സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട്, അരുതായ്മകളുടെ ലോകത്ത് വിമതരായി നിലനിന്നുകൊണ്ട് എസ്.ഐ.ഒ അതിന്റെ പ്രവർത്തനങ്ങളുടെ കാൽനൂറ്റാണ്ട് തികക്കുകയാണ്. ഈ കാലയളവിനുള്ളിൽ ഘടനാപരമായ ഒട്ടേറെ മാറ്റങ്ങൾക്ക് എസ്.ഐ.ഒ വിധേയമായി. തുടക്കത്തിൽ 32 വയസ്സായിരുന്നു എസ്.ഐ.ഒ അംഗത്വത്തിന്റെ പ്രായപരിധി. 1991-ൽ ഇത് മുപ്പത് വയസ്സായി കുറച്ചു. യുവജന-വിദ്യാർഥി അജണ്ടകൾ ഒരേസമയം ഏറ്റെടുക്കുന്ന പ്രവർത്തന സംസ്കാരമായിരുന്നു എസ്.ഐ.ഒ വിനുണ്ടായിരുന്നത്. പിന്നീട് അത് കൂടുതൽ വിദ്യാർഥികളിലേക്കും കാമ്പസുകളിലേക്കും കേന്ദ്രീകരിക്കുകയായിരുന്നു. ദേശീയതലത്തിൽ നടപ്പാക്കിയ വിദ്യാർഥിവൽക്കരണ പ്രക്രിയയുടെ ഭാഗമായി സംഘടന

കൂടുതൽ കാമ്പസുകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. ദേശീയ-സംസ്ഥാന തലങ്ങളിൽ വിദ്യാർഥികൾ വ്യാപകമായി നേതൃതലങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഈ ശ്രമങ്ങളുടെ ഭാഗമായാണ് 2003-ൽ സംഘടന കേരളത്തിൽ സമ്പൂർണമായി വിദ്യാർഥിവൽക്കരിക്കപ്പെടുകയും പുതിയ യുവജനപ്രസ്ഥാനത്തിന്റെ പിറവിക്ക് കേരളം സാക്ഷ്യം വഹിക്കുകയും ചെയ്യുന്നത്. യുവജന പ്രസ്ഥാനം രൂപീകരിക്കപ്പെട്ടതോടെ വലിയൊരു പ്രവർത്തനവ്യൂഹം എസ്.ഐ.ഒവിൽനിന്ന് പുറത്തുപോയെങ്കിലും അത് സംഘടനയെ ഒരു തരത്തിലും ബാധിക്കാതിരിക്കാൻ സംഘടന ഏറെ പരിശ്രമിച്ചു. ഇന്ന് പ്രഫഷണൽ, ആർട്സ്, പാരലൽ, അറബിക്, ഇസ്‌ലാമിയ കോളേജുകളിൽ-പള്ളി ദർസുകളിൽ വരെ ഇന്ന് ഏറിയും കുറഞ്ഞും അളവിൽ സംഘടനാ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി കാമ്പസുകളിലും സംഘടനയുടെ വേരുകൾ ഇന്ന് ശക്തമാണ്. ഇടതു-മതേതര താലിബാനികളുടെ തോറാബോറകളായി മാറിയ കേരളത്തിലെ കാമ്പസുകളിൽ ജനാധിപത്യത്തിന്റെയും സംവാദത്തിന്റെയും സംസ്കാരം ഉയർത്തിപ്പിടിക്കാനുള്ള സാഹസ പൂർണമായ യത്നങ്ങളിലൂടെയാണ് സംഘടന ഇപ്പോൾ മുന്നോട്ടുപോവുന്നത്. കണ്ണൂർ, കാലിക്കറ്റ്, എം.ജി, കേരള, കൊച്ചിൻ, സംസ്കൃത യൂനിവേഴ്സിറ്റികളിലെല്ലാം യൂനിയൻ തെരഞ്ഞെടുപ്പുകളിൽ വരെ ശ്രദ്ധേയ സാന്നിധ്യമാവാൻ ഇന്ന് സംഘടനക്ക് സാധിക്കുന്നുണ്ട്. വിദ്യാർഥി പ്രശ്നങ്ങളെ മുൻകൂട്ടി തിരിച്ചറിയാനും ശരിയായ പ്രതികരണങ്ങൾ അറിയിക്കാനും സാധിക്കുന്നതിൽ സംഘടന ഇന്ന് ആരേക്കാളും മുന്നിലാണ്.

വിദ്യാർഥിവൽക്കരണത്തിന്റെ അനിവാര്യ ഫലമെന്നോണം മറ്റ് സംസ്ഥാനങ്ങളിലും യുവജനപ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനുള്ള പ്രാഥമിക ചുവടുവെപ്പുകൾ ആരംഭിച്ചുകഴിഞ്ഞു. ഇന്ന് രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ മുഴുവൻ സംസ്ഥാനങ്ങളിലും പ്രധാനപ്പെട്ട ഏതാണ്ടെല്ലാ യൂനിവേഴ്സിറ്റികളിലും ഊർജസ്വലരായ വമ്പിച്ച ഒരു പ്രവർത്തകവ്യൂഹത്തെ സജ്ജമാക്കാൻ എസ്.ഐ.ഒവിന് കഴിഞ്ഞിരിക്കുന്നു. അവർ തങ്ങളുടെ പഠനപരവും അക്കാദമികവുമായ കാര്യങ്ങളിൽ മികവു പുലർത്തുന്നവരാണ്. കാമ്പസിലെ കലാ-സാഹിത്യ സംരംഭങ്ങളുടെ മുന്നണി പ്രതിഭകളായി അവരുണ്ട്. തെരുവിൽ സമരത്തിന്റെ കാഹളം മുഴക്കിയും മസ്ജിദിൽ സുജൂദിലിരുന്ന് അശ്രുപൊഴിച്ചും അവർ ഇസ്‌ലാമിക ജീവിത സംസ്കാരത്തിന്റെ ഭാവിയെ പ്രതിനിധീകരിക്കുന്നു. മുൻകഴിഞ്ഞുപോയ ഊർജസ്വലരായ നേതാക്കളുടെയും പ്രവർത്തകരുടെയും വിയർപ്പും കണ്ണീരും സന്തോഷവും സന്താപവും ചേർന്ന ഇന്ധനത്തിലാണ് അത് ഇത്രയും യാത്രചെയ്തത്. ഭാവിയിലും അതിന് ഇന്ധനമാകുന്നത് അതുതന്നെയായിരിക്കും. പ്രാർഥനയുടെയും പോരാട്ടത്തിന്റെയും പുതിയ വസന്തങ്ങളിലേക്ക് കണ്ണുപായിച്ചുകൊണ്ട് ഈ സംഘം മുന്നോട്ട്, ദൈവത്തിന് സ്തുതി. ■

(എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ)